ಮಂಡ್ಯ ಧರ್ಮಕ್ಷೇತ್ರ
DIOCESE OF MANDYA
Bishop's House, Kalenahalli P.O – 571 402, Mandya District, Karnataka, India
Phone: +91 7338657382
Bengaluru Office: Regional Pastoral Centre, Santhome Church, Hulimavu,
Bannerghtta Road, Bengaluru – 560 076, Karnataka, India

Ref. M/BP/CIR/4.2024 July 28, 2024

# വൈദിക സമിതി യോഗ തീരുമാനങ്ങൾ

പ്രിയപ്പെട്ട വൈദികരേ, സന്യസ്തരേ, സഹോദരീ സഹോദരന്മാരേ;

രൂപതയിലെ അജപാലന ശുശ്രൂഷയുമായി ബന്ധപ്പെട്ട കുറേ കാര്യങ്ങൾ കഴിഞ്ഞ രണ്ടു മാസമായി വിവിധ നൈയാമിക വേദികളിൽ ചർച്ച ചെയ്ത്, അഭിപ്രായം തേടി, തീരുമാനത്തിലേക്കായ കാര്യങ്ങൾ ജൂലൈ മാസം ഒന്നു മുതൽ നടപ്പിലാക്കുമെന്ന വ്യവസ്ഥയിൽ നിങ്ങളെ അറിയിക്കുവാൻ എനിക്ക് സന്തോഷമുണ്ട്.

**1. മനസമ്മത കർമ്മം**
മണ്ഡ്യ രൂപതയിൽ മനസമ്മതം കുർബാനയോടു ചേർന്നോ, അല്ലാതെയോ നടത്താം. മനസമ്മതത്തോടു ചേർന്ന് കുർബാനയും താല്പര്യമുള്ളവർക്ക് അത് ലഭിക്കുവാനുള്ള അവസരം വികാരിയച്ചന്മാർ ഒരുക്കുമല്ലോ.

**2. ഇടവക ട്രസ്റ്റ്**
നമ്മുടെ മിക്കവാറും പള്ളികളും ട്രസ്റ്റിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. വാർഷിക മീറ്റിംഗ് ഒരു അത്യാവശ്യ ഘടകമാണ്. വാർഷിക മീറ്റിംഗ് കൂടുകയും വരവ്, ചിലവ്, മിച്ചം എന്നീ കാര്യങ്ങൾ അവതരിപ്പിക്കുകയും യോഗത്തിന്റെ മിനിറ്റ്സ് ഒപ്പിട്ട് വേണ്ട സമിതികളിലേക്ക് അയച്ച് കൊടുക്കണം. നടത്തിപ്പിനെക്കുറിച്ചുള്ള വിശദാംശങ്ങൾ ആവശ്യമുള്ളവർ വികാരി ജനറാളച്ചനുമായി ബന്ധപ്പെടുമല്ലോ.

**3. ഇടവക അംഗത്വം**
അനവധി കുടുംബങ്ങൾ നമ്മുടെ ഇടവകകളിൽ ചേരുന്നതിന് ബുദ്ധിമുട്ട് പ്രകടിപ്പിക്കാറുണ്ട്. അതിന് പറയുന്ന ചില കാരണങ്ങൾ, നാട്ടിലെ ഇടവകയിലെ വികാരിയച്ചൻ കുറി തരുന്നില്ല, നാട്ടിലെ പള്ളിയിൽ കുടുംബ കല്ലറയുണ്ട്, പ്രായമായ മാതാപിതാക്കൾ നാട്ടിൽ താമസിക്കുന്നു എന്നൊക്കെയാണ്. ഒരു സ്ഥലത്ത് ആറുമാസത്തിലധികം താമസിക്കുന്ന ഓരോ വ്യക്തിക്കും കുടുംബത്തിനും ഇടവക ചേരുവാൻ അവകാശമുണ്ട്. മണ്ഡ്യയിലെ പ്രത്യേകമായ സ്ഥിതി മനസ്സിലാക്കി, മേജർ അർച്ച് ബിഷപ്പ് നമ്മെ സന്ദർശിച്ചപ്പോൾ വൈദികർക്ക് നൽകിയ മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ചത് താഴെ പറയുന്ന കാര്യങ്ങൾ ഇടവക അംഗത്വത്തെക്കുറിച്ച് അറിയിക്കുന്നു.

**3.1.** ഇവിടെ ആറുമാസത്തിലധികമായി താമസിക്കുന്ന കുടുംബത്തിന് മാതൃ ഇടവകയിൽ നിന്ന് കുറി നൽകുവാൻ വിസമ്മതിക്കുകയാണെങ്കിൽ, അവരുടെ മാമ്മോദീസാ രേഖയോ, വിവാഹ സർട്ടിഫിക്കറ്റ് കൈവശമുണ്ടെങ്കിൽ അതിൻപ്രകാരം അവരെ ഇടവക ചേർക്കാവുന്നതാണ്.

**3.2.** അങ്ങനെ ചെയ്യുമ്പോൾ ആ കുടുംബത്തെ അല്ലെങ്കിൽ ആ വ്യക്തിയെ ഇടവക ചേർത്തു എന്ന വിവരം മാതൃ ഇടവകയിലെ വികാരിയച്ചനെ അറിയിക്കുകയും അവിടെ നിന്ന് അവരുടെ പേരുകൾ നീക്കം ചെയ്യുവാൻ നിർദ്ദേശിക്കുകയും വേണം. അവരുടെ മറ്റുള്ള രേഖകളും അയച്ച് തരുവാൻ സ്നേഹബുദ്ധ്യാ ആവശ്യപ്പെടാവുന്നതാണ്.

**3.3**. മതിയായ എല്ലാ രേഖകളുമില്ലാതെ ഇടവക ചേരുന്നവർ മറ്റൊരു സ്ഥലത്തേക്ക് മാറി പോകുമ്പോൾ നൽകിയ രേഖകളിലുള്ള വിവരങ്ങൾ മാത്രമേ നൽകുവാൻ സാധിക്കുകയുള്ളുവെന്ന് അവരോട് പറയുമല്ലോ.

ಮಂಡ್ಯ ಧರ್ಮಕ್ಷೇತ್ರ
DIOCESE OF MANDYA
Bishop's House, Kalenahalli P.O – 571 402, Mandya District, Karnataka, India
Phone: +91 7338657382
Bengaluru Office: Regional Pastoral Centre, Santhome Church, Hulimavu, Bannerghtta Road, Bengaluru – 560 076, Karnataka, India

**4. അവിവാഹിതർ**

നമ്മുടെ മിക്ക പള്ളികളും ഒട്ടനവധി പേർ അവിവാഹിതർ ആയിട്ടുണ്ട്. ജോലിക്കു വേണ്ടിയോ, പഠനത്തിനു വേണ്ടിയോ, പരിശീലനത്തിനു വേണ്ടിയോ ഇവിടെ താമസിക്കുന്നവരാണിവർ. ഇവരെ സംബന്ധിച്ച് എല്ലാ ഇടവകകൾക്കും ഒരു കരുതൽ ഉണ്ടാകണം. നമ്മുടെ രൂപതയിൽ ഉപയോഗിച്ച് വരുന്ന കോമൺ ഫോം ഉപയോഗിച്ച് വിശദാംശങ്ങൾ എഴുതി വാങ്ങി അവർക്ക് ബാച്ചിലേഴ്സ് അംഗത്വം നൽകണം. ഇങ്ങനെ അംഗങ്ങളായവർ വിവാഹത്തിന് പോകുമ്പോൾ ഫ്രീ സ്റ്റേറ്റ് സർട്ടിഫിക്കറ്റ് നൽകണം. ഇതിന്റെ വിശദാംശങ്ങളെക്കുറിച്ച് കൂടുതൽ അറിയുവാൻ ചാൻസിലർ അച്ചനുമായി ബന്ധപ്പെടാവുന്നതാണ്.

5. Reception Desk

മണ്ഡ്യ രൂപതയുടെ പ്രത്യേക സ്ഥിതി പരിഗണിച്ച് പുതിയതായി അംഗങ്ങൾ വരാൻ സാധ്യതയുള്ള എല്ലാ ദേവാലയങ്ങളിലും ദേവാലയത്തിന്റെ മുൻവശത്തായി ഒരു Reception Desk എല്ലാ ഞായറാഴ്ചകളിലും പ്രധാന കുർബാനകൾക്കെല്ലാം ഉണ്ടായിരിക്കുന്നത് സ്വാഗതാർഹമായ ഒരു കാര്യമാണ്. പുതിയതായി കടന്നു വരുന്നവരെ പരിചയപ്പെടുക, ആവശ്യമുള്ള അറിവുകൾ പങ്കു വെച്ച് കൊടുക്കുക എന്നിവയും മറ്റു കാര്യങ്ങളുമായിരിക്കും Reception Desk നിർവ്വഹിക്കുക.

**6. ക്രിസ്റ്റീൻ ധ്യാനം**

ക്രിസ്റ്റീൻ ധ്യാനങ്ങൾ കുട്ടികളെയും യുവജനങ്ങളെയും ദൈവാനുഭവത്തിലേക്ക് നയിക്കുന്നവയാണ്. ഓരോ ഇടവകയോ, രണ്ടോ മൂന്നോ ഇടവകകൾ ചേർന്നോ ഓരോ വർഷവും ക്രിസ്റ്റീൻ ധ്യാനങ്ങൾ സംഘടിപ്പിക്കുന്നത് ഏറ്റവും സ്വാഗതാർഹമായ കാര്യമാണ്. പല ടീമുകളും ക്രിസ്റ്റീൻ ധ്യാനം നടത്തുന്നുണ്ട്. ആവശ്യമെങ്കിൽ അവരുടെ പേരുകളും ഫോൺ നമ്പരുകളും മണ്ഡ്യ ജ്യോതിയിൽ പ്രസിദ്ധീകരിക്കാം.

**7. ഓണാഘോഷം**

നമ്മുടെ എല്ലാ ദേവാലയങ്ങളിലും ഈ സംസ്ക്കാരിക ആഘോഷം നടത്താറുണ്ട്. മിക്കവാറും ഞായറാഴ്ചകളിലാണ് ഇത് നടത്തപ്പെടുക. ദേവാലയത്തിലെ ഞായറാഴ്ച കുർബാനക്കു ശേഷം ദേവാലയത്തിന് പുറത്തു വച്ച് ഓണാഘോഷങ്ങൾ നടത്താവുന്നതാണ്.

**8. മണ്ഡ്യ രൂപതാ ബൈബിൾ കൺവൻഷൻ**

പൊതുവായ ഒരു ബൈബിൾ കൺവൻഷൻ നമ്മുടെ ആത്മീയമായ കൂട്ടായ്മയെ വർദ്ധിപ്പിക്കുന്നതുകൊണ്ട്, 2025 ൽ കൺവൻഷൻ പുനരാരംഭിച്ചാലോ എന്ന ചിന്ത പൊതുവായുണ്ട്. നിങ്ങളുടെ ഇതിനെക്കുറിച്ചുള്ള താൽപര്യം വികാരിയച്ചന്മാരെ അറിയിക്കുമല്ലോ.

**9. വിശ്വാസോത്സവം**

കേരളത്തിലെ പള്ളികളിൽ ഈസ്റ്ററിന്റെ പിറ്റേദിവസം മുതൽ 3 ദിവസത്തേക്ക് വിശ്വാസോത്സവം നടത്താറുണ്ട്. വിശ്വാസ പരിശീലനത്തിന്റെ മധുരോദരമായ ഒരു അനുഭവമാണിത്. ആടിയും പാടിയും കളിച്ചും ചിരിച്ചും വിശ്വാസ സത്യങ്ങളെ സ്വന്തമാക്കുന്ന ഒരു അനുഭവം. എന്നാൽ മണ്ഡ്യ രൂപതയുടെ പശ്ചാത്തലത്തിൽ സമ്മർ വെക്കേഷൻ ആരംഭിക്കുന്ന സമയത്തു തന്നെ അനവധി കുടംബങ്ങൾ നാട്ടിലേക്ക് മടങ്ങുന്നതു കൊണ്ടും നമ്മുടെ കുട്ടികൾ പഠിക്കുന്ന സ്ക്കൂളുകളിൽ പരീക്ഷകളും ക്ലാസ്സുകളും അവധികളും വ്യത്യസ്ത സമയങ്ങളിൽ ആയതു കൊണ്ടും, കേരളത്തിലെപ്പോലെ എല്ലാ ഇടവകകളിലും ഒരേ സമയത്ത് വിശ്വാസോത്സവം നടത്തുക പ്രയോഗികമല്ലായിരിക്കാം. എന്നാലും വ്യത്യസ്തമായ പേരുകളിൽ ഉചിതമായ സമയങ്ങളിൽ ഓരോ ഇടവകയിലും നമ്മുടെ കുട്ടികൾക്കു വേണ്ടി വിശ്വാസത്തെ ആഘോഷമായി പകരുന്ന

ಮಂಡ್ಯ ಧರ್ಮಕ್ಷೇತ್ರ
DIOCESE OF MANDYA
Bishop's House, Kalenahalli P.O – 571 402, Mandya District, Karnataka, India
Phone: +91 7338657382
Bengaluru Office: Regional Pastoral Centre, Santhome Church, Hulimavu, Bannerghtta Road, Bengaluru – 560 076, Karnataka, India

രണ്ടു ദിവസത്തെയെങ്കിലും ക്യാമ്പ് സംഘടിപ്പിക്കുവാൻ എല്ലാ വികാരിയച്ചന്മാരെയും പ്രോത്സാഹിപ്പിക്കുന്നു.

**10. നേഴ്സ് മിനിസ്ട്രി**
നിത്യവൈദ്യനായ ദൈവത്തിന്റെ സ്നേഹത്തിന്റെ മാധുര്യം, വേദനിക്കുന്ന ആളുകൾക്ക് പകർന്നു കൊടുക്കുന്ന ഈ ശുശ്രൂഷയിൽ ഉൾപ്പെട്ട് എല്ലാവരേയും അത്മീയമായി ബലപ്പെടുത്തുന്ന പരിപാടികൾ ശക്തിപ്പെടുത്തുവാൻ മണ്ഡ്യ രൂപത ആഗ്രഹിക്കുന്നു. എല്ലാ നേഴ്സുമാരും സഹകരിക്കുമല്ലോ.

**11. വിശ്വാസ പരിശീലന വിഹിതം**
വിശ്വാസ പരിശീലനമെന്നാൽ കുഞ്ഞുങ്ങൾക്ക് പകർന്നു കൊടുക്കുന്നതു മാത്രമല്ല, യുവജനങ്ങൾക്കുള്ള പരിശീലന ക്ലാസ്സുകൾ, മാതാപിതാക്കൾക്ക് നൽകപ്പെടുന്ന മതബോധന സഹായികൾ എന്നിവയെല്ലാം വിശ്വാസ പരിശീലനത്തിന്റെ കീഴിൽ വരും. ഇടവക വരുമാനത്തിന്റെ (പ്രത്യേക നിയോഗങ്ങൾക്കു വേണ്ടിയുള്ള തുകകൾ മാറ്റി വച്ചതിനുശേഷം) 10% വരെ ഉപയോഗിക്കാവുന്നതാണ്. ഇത് മണ്ഡ്യ രൂപതയുടെ പോളിസി ആണെന്ന് വിശ്വാസ പരിശീലന വിഭാഗത്തോടും ഇടവക കൗൺസിലിനോടും പൊതുയോഗത്തിലും പറയാവുന്നതാണ്. വിശ്വാസ പരിശീലന വിഭാഗവുമായി ചർച്ച ചെയ്ത്, വിവിധ ആവശ്യങ്ങൾക്കായി വിനിയോഗിക്കുകയും, വിശ്വാസ പരിശീലന വർഷം സമാപിക്കുമ്പോൾ ഇടവക സമിതിയിലേക്കോ, പൊതുയോഗത്തിലേക്കോ റിപ്പോർട്ട് നൽകേണ്ടതുമാണ്.

**12. ഇടവക വിഷമിക്കുന്നവരുടെ അത്താണി**
ഇടവകയിൽ കഠിനമായ സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്നവർക്ക് ആശ്വാസമേകുക പുതിയ നിയമ കല്പനയാണ്. അതു മാത്രമല്ല, നമ്മുടെ ഗവൺമെന്റ് നമ്മളെ കാണുന്നത് കാരുണ്യപ്രവൃത്തികൾ ചെയ്യുന്ന ഒരു പ്രസ്ഥാനമായിട്ടാണ്. അതുകൊണ്ട് ഇടവകയുടെ മൊത്ത വരുമാനത്തിന്റെ (പ്രത്യേക നിയോഗങ്ങൾക്കു വേണ്ടി മാറ്റി വച്ചതിനുശേഷമുള്ള) 10% വിഷമിക്കുന്നവരെ സഹായിക്കുവാനായി ഉപയോഗിക്കണം. നൽകപ്പെടുന്നവരുടെ ആത്മാഭിമാനം നഷ്ടപ്പെടാതെ അത് ഉചിതമായി നൽകുവാനുള്ള സംവിധാനം ഇടവക കൗൺസിലിൽ രൂപപ്പെടണം. ഇടവകയുടെ വരുമാനത്തിൽ നിന്ന് ഉപയോഗിക്കുന്നതുകൊണ്ട്, വികാരിയച്ചന് സ്വാതന്ത്ര്യം നൽകി കൊണ്ട്, കൗൺസിൽ ഒത്തുചേർന്ന് പ്രവർത്തിക്കുമ്പോഴാണ് നമ്മൾ ക്രിസ്തുവിന്റെ സഭയായി മാറുക.

**13. വസ്തു വാങ്ങുന്നത്, വിൽക്കുന്നത്, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയെ സംബന്ധിച്ച്**
രൂപതയിലെ ഇടവകകൾ, സ്ഥാപനങ്ങൾ, മിഷൻ സെന്ററുകൾ, ദിവ്യകാരുണ്യ സമൂഹങ്ങൾ എന്നിവർ വസ്തുക്കൾ വാങ്ങുവാനോ, വിൽക്കുവാനോ, പകരം വാങ്ങാനോ ആലോചിക്കുമ്പോൾ തന്നെ രൂപതാ ഫിനാൻസ് ഓഫീസറുമായി ബന്ധപ്പെടണം. നിർമ്മാണപ്രവർത്തനങ്ങളെ സംബന്ധിച്ച്, രൂപതാ വികാരിയച്ചനും കൗൺസിലിനും നൽകിയിരിക്കുന്ന സാമ്പത്തിക വിനിയോഗത്തിന്റെ പരിധിക്ക് മുകളിൽ ആണെങ്കിൽ രൂപതയുമായി ബന്ധപ്പെടേണ്ടതും അനുവാദം വാങ്ങേണ്ടതുമാണ്.

**14. ഹോം മിഷൻ**
നമ്മുടെ കുടുംബങ്ങളിൽ നീണ്ട കാലങ്ങളായി നില നിൽക്കുന്ന വഴക്കുകൾ പറഞ്ഞു തീർക്കാനും, ഇടവകയുടെ ആത്മീയ ആരോഗ്യം മെച്ചപ്പെടുത്തുവാനുമായി എല്ലാ ഇടവകകളിലും ഹോം മിഷൻസ് നടത്തേണ്ട ആവശ്യം പാരിഷ് കൗൺസിലുമായി ആലോചിച്ച് നടപ്പിലാക്കാവുന്നതാണ്. ഹോം മിഷൻസ് നടത്തുന്ന ഗ്രൂപ്പുകളുടെ പേരുകൾ അടുത്ത മാസങ്ങളിൽ മണ്ഡ്യ ജ്യോതിയിൽ നൽകുന്നതാണ്.

ಮಂಡ್ಯ ಧರ್ಮಕ್ಷೇತ್ರ
DIOCESE OF MANDYA
Bishop's House, Kalenahalli P.O – 571 402, Mandya District, Karnataka, India
Phone: +91 7338657382
Bengaluru Office: Regional Pastoral Centre, Santhome Church, Hulimavu,
Bannerghtta Road, Bengaluru – 560 076, Karnataka, India

*(15-ാമത്തെ പോയിന്റ് പള്ളിയിൽ പൊതുവായി വായിക്കണമെന്നില്ല)*

**15. വൈദികരുടെയും സമർപ്പിതരുടെയും മാസ അലവൻസ്**

നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന വൈദികരുടെയും സമർപ്പിതരുടെയും മാസ അലവൻസ് 2024 ജൂൺ മാസം മുതൽ Rs. 14,000/- ആയിരിക്കും.

**16. കരുതൽ വർഷം**

കരുതൽ വർഷം നമ്മൾ രണ്ടാം വർഷത്തിലേക്ക് തുടരുന്നു. കുടുംബങ്ങളുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ, കുടുംബ യൂണിറ്റ് ശാക്തീകരണം, ഹോം മിഷൻ, ക്രിസ്റ്റീൻ ധ്യാനം, പാവപ്പെട്ടവരെ സഹായിക്കൽ, മയക്കു മരുന്ന് ഉപയോഗത്തിന്റെ വിനാശത്തെക്കുറിച്ചുള്ള ക്ലാസ്സുകൾ, രൂപതാ ആപ്പ് എല്ലാവർക്കും ലഭ്യമാക്കൽ, ബാച്ചിലേഴ്സ് അംഗത്വ സമാഹരണം, ഭക്തസംഘടനകളുടെ പ്രവർത്തനങ്ങളെ ഊർജ്ജിതപ്പെടുത്തൽ, എന്നിങ്ങനെയും മറ്റു പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കണേ.

**17. സിനിമാ ഷൂട്ടിംഗ്**

രൂപതയുടെ പോളിസി പ്രകാരം, ദേവാലയത്തിനകത്ത് സിനിമാ ഷൂട്ടിംഗ് അനുവദനീയമല്ല.

നമ്മുടെ ഓരോ ചുവടു വെയ്പുകളും ക്രിസ്തു ശിഷ്യത്വത്തിന് ബലം പകരുന്നതാകട്ടെ.

സ്നേഹത്തോടെ,

**സെബാസ്റ്റ്യൻ പിതാവ്**
മണ്ഡ്യ രൂപത മെത്രാൻ

***ഈ സർക്കുലർ 2024 ജൂലൈ 28 ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ പള്ളികളിലും വിശുദ്ധ കുർബാന മധ്യേ വായിക്കുകയും ബന്ധപ്പെട്ട ഇടവക സമിതികളിൽ ഉചിതമായ സമയത്ത് റിപ്പോർട്ട് ചെയ്യുകയും സോഷ്യൽ മീഡിയ വഴി പരമാവധി ഷെയർ ചെയ്യാനും ശ്രദ്ധിക്കുമല്ലോ.***

,